**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2052** **29-09-2025 - ൽ മറുപടിയ്ക്ക്**

**കാലിത്തീറ്റയുടെ വില**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കാലിത്തീറ്റയുടെ വില ഉയരുന്നതിനാൽ ക്ഷീരകർഷകർ കടുത്ത പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | **പൊതുവിപണിയിൽ കാലിത്തീറ്റയുടെ വില ക്രമാതീതമയി ഉയരുന്നത് ക്ഷീരകർഷകരെ ദോഷകരമായി ബാധിക്കാതിരിക്കാൻ മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള പൊതുമേഖല സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡ് ഏറ്റവും ഗുണമേന്മയാർന്ന ഉത്പന്നങ്ങൾ ന്യായമായ വിലയിൽ വിപണിയിൽ എത്തിക്കുന്നുണ്ട്. ഉല്പാദന ചെലവിനും സർക്കാർ രൂപീകരിച്ചിട്ടുള്ള പ്രൈസ് കമ്മിറ്റിയുടെ മാനദണ്ഡങ്ങളും കൂടി കണക്കിലെടുത്താണ് കേരള ഫീഡ്സ് കാലിത്തീറ്റയുടെ വില നിശ്ചയിക്കുന്നത്. ഉത്പാദന ചെലവ് കുറയുന്ന അവസരങ്ങളിൽ കമ്പനിയുടെ ഉത്പന്നങ്ങൾക്ക് പ്രത്യേക വിലക്കിഴിവും കമ്പനി നൽകി വരുന്നുണ്ട്. നിലവിൽ 10.04.2025 മുതൽ കേരള ഫീഡ്സിന്റെ എലൈറ്റ് കാലിത്തീറ്റയ്ക്ക് 55 രൂപയും, മിടുക്കി കാലിത്തീറ്റയ്ക്ക് 110 രൂപയും, ഡയറി റിച്ച് കാലിത്തീറ്റയ്ക്ക് 80 രൂപയും വിലക്കിഴിവ് നൽകി വരുന്നുണ്ട്.**<br><br>**പാലിന് കിട്ടുന്ന വിലയുടെ 75 ശതമാനവും കർഷകർ ചെലവിടുന്നത് കാലികളുടെ തീറ്റച്ചെലവിനു വേണ്ടിയാണ്. കർഷകരുടെ വർദ്ധിച്ചുവരുന്ന ഈ ഉൽപ്പാദനച്ചെലവിൽ നിന്നും ആശ്വാസമായി ക്ഷീര സംഘങ്ങൾ വഴി കുറഞ്ഞ വിലയ്ക്ക് പുല്ലും ചോളത്തണ്ടും എത്തിച്ചുകൊണ്ടും, വർഷം മുഴുവനും കാലിത്തീറ്റയ്ക്ക് സബ്സിഡി അനുവദിച്ചുകൊണ്ടും കേരള കോപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ (മിൽമ) പരമാവധി ക്ഷീരകർഷകരെ സഹായിച്ചുപോരുന്നുണ്ട്.** |
| (ബി) | 2016 മുതൽ നാളിതുവരെ ഓരോ വർഷവും കാലിത്തീറ്റയുടെ വിലയിലുണ്ടായ വ്യതിയാനം വർഷം തിരിച്ച് ലഭ്യമാക്കുമോ; കാലിത്തീറ്റയുടെ വില നിയന്ത്രണത്തിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | **2016 മുതൽ ഉള്ള കേരള ഫീഡ്സ് കാലിത്തീറ്റയുടെ വിവിധ ബ്രാൻഡുകളുടെ വില വിവരം അനുബന്ധമായി ചേർക്കുന്നു.** |

| | | | |
|---|---|---|---|
| | | | കേരള ഫീഡ്സ് ഉത്പാദിപ്പിക്കുന്ന കാലിത്തീറ്റയുടെ വില നിശ്ചയിക്കുന്നത് സർക്കാർ രൂപീകരിച്ചിട്ടുള്ള പ്രൈസ് കമ്മിറ്റിയുടെ മാനദണ്ഡങ്ങൾ കൂടി കണക്കിലെടുത്താണ്.<br><br>2016 മുതൽ നാളിതുവരെ മിൽമ കാലിത്തീറ്റകൾക്ക് 2 തവണയാണ് വിലയിൽ വ്യതിയാനം വന്നിട്ടുള്ളത്.<br><br>1. 17.12.2019: 50 കിലോ ബാഗ് ഒന്നിന് 1155/- രൂപ വിലയുണ്ടായിരുന്ന മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റയുടെ വില 17.02.2019 മുതൽ 1370/- രൂപയായി ഉയർത്തി.<br><br>2. 01.11.2022: മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റയുടെ വില 50 കിലോ ബാഗ് ഒന്നിന്റെ വില 01.11.2022 മുതൽ 1370/- രൂപയിൽ നിന്നും 1550 രൂപയായി ഉയർത്തി.<br><br>കാലിത്തീറ്റ ഉൽപാദനത്തിനാവശ്യമായ അസംസ്കൃത പദാർത്ഥങ്ങളെല്ലാം തന്നെ അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തിക്കുന്നതുകൊണ്ടും, കടത്തുകൂലിയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുള്ളതിനാലും മിൽമയെ സംബന്ധിച്ചിടത്തോളം, കാലിത്തീറ്റയുടെ വിലയിൽ നേരിട്ട് നിയന്ത്രണം അസാധ്യമാണ്.<br><br>കാലിത്തീറ്റ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ ക്രമാതീതമായ വില വർദ്ധനവിന്റെ സാഹചര്യത്തിലും 2019-നു ശേഷം വിലകൂട്ടാതെ പിടിച്ചു നിർത്തി, ഒടുവിൽ നഷ്ടം ആയപ്പോഴാണ്, 3 വർഷങ്ങൾക്കുശേഷം 2022 നവംബറിൽ മിൽമ കാലിത്തീറ്റയ്ക്ക് വില കൂട്ടിയത്. കാലിത്തീറ്റ ഫാക്ടറികളുടെ പ്രവർത്തന നഷ്ടം കാരണം സാമ്പത്തിക നഷ്ടം നേരിടുമ്പോഴും കർഷകരുടെ ഉൽപ്പാദനച്ചെലവ് കുറയ്ക്കുന്നതിനായി കാലിത്തീറ്റ സബ്സിഡി ഇനത്തിൽ 11.95 കോടി രൂപ ഫെഡറേഷൻ നൽകിയിട്ടുണ്ട്. ഇക്കഴിഞ്ഞ സാമ്പത്തിക വർഷത്തിലുടനീളം (12 മാസവും) ഫെഡറേഷനും മേഖലാ യൂണിയനുകളും ചേർന്ന് കാലിത്തീറ്റയ്ക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്. കാലിത്തീറ്റ സബ്സിഡിയായി ഫെഡറേഷൻ നൽകിയ 11.95 കോടി രൂപ ഉൾപ്പെടെ മൊത്തത്തിൽ 30.18 കോടി രൂപ ഇക്കഴിഞ്ഞ സാമ്പത്തിക വർഷം കാലിത്തീറ്റ സബ്സിഡി ഇനത്തിൽ മിൽമ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | നിലവിൽ പാൽ വിലയുടെ എത്ര ശതമാനമാണ് കർഷകർക്ക് ലഭിക്കുന്നത്; ക്ഷീരകർഷകരുടെ പ്രതിസന്ധി പരിഹരിക്കുന്നതിനായി പാൽ വിലയിൽ | (സി) | 2022 ഡിസംബർ 01 ന് പാൽ വില അവസാനമായി 6 രൂപ വർദ്ധിപ്പിച്ചപ്പോൾ 5.025 രൂപ കർഷകർക്ക് ലഭിച്ചിരുന്നു. വർദ്ധിപ്പിച്ച പാൽ വിലയുടെ 83.75 % |

| | | | |
|---|---|---|---|
| | നിന്നുള്ള കർഷക വിഹിതം ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | | **ക്ഷീരകർഷകർക്ക് ലഭിക്കുന്ന രീതിയിലാണ് അന്ന് വർദ്ധനവ് വരുത്തിയിരുന്നത്. പാൽ വില വർദ്ധിപ്പിക്കുന്ന നടപടികൾ മിൽമയാണ് സ്വീകരിക്കുന്നത്.**<br><br>**നിലവിൽ പാൽവിലയുടെ 80.08 ശതമാനമാണ് ക്ഷീരകർഷകർക്ക് ലഭിക്കുന്നത്. ഇത് രാജ്യത്ത് തന്നെ ക്ഷീരകർഷകർക്ക് ലഭിക്കുന്നതിൽ വച്ച് ഏറ്റവും ഉയർന്ന വിഹിതമാണ്.**<br><br>**ക്ഷീര കർഷകരിൽ നിന്നും പാലിന്റെ സംഭരണം മുതൽ പാലും പാലുൽപ്പന്നങ്ങളും ഉപഭോക്താക്കളിലേക്ക് എത്തുന്നതിന് ഇടയിലുള്ള പ്രോസസിംഗ്, പായ്ക്കിംഗ്, ഡിസ്ട്രിബ്യൂഷൻ, മാർക്കറ്റിംഗ് തുടങ്ങിയ വിവിധ തലങ്ങളിലെ ചെലവുകൾ ഉൾപ്പെടെയുള്ള മിൽമയുടെ മറ്റെല്ലാ ചെലവുകളും, സൊസൈറ്റി വിഹിതം, ഡീലർമാർ, ക്ഷേമനിധി ഫണ്ട്, പ്ലാസ്റ്റിക് നിർമ്മാർജന പ്രക്രിയ തുടങ്ങിയവയ്ക്കായി വരുന്ന ചെലവുകളും, കർഷകർക്ക് നീക്കി വച്ചിട്ടുള്ള വിഹിതം കഴിഞ്ഞുള്ള തുക കൊണ്ടാണ് നിർവഹിക്കുന്നത്. ഈ സാഹചര്യത്തിൽ പാൽവിലയിൽ നിന്നുള്ള കർഷകരുടെ വിഹിതം ഉയർത്തുന്നതിന് നിലവിലെ സാമ്പത്തിക സ്ഥിതി അപര്യാപ്തമാണ്.** |

സെക്ഷൻ ഓഫീസർ

ANNEXURE

| Price Summary - Kerala Feeds from 2016 (Rs.) | | | | |
|---|---|---|---|---|
| DATE | Kerala Feeds - Elite (50 Kg) | Kerala Feeds - Midukki (50 Kg) | Kerala Feeds Rich (50 Kg) | Kerala Feeds - Dairy Rich+ (50 Kg) |
| As on 01-01-2016 | 1,097 | | 960 | |
| 15-02-2016 | 1,125 | | 1,000 | |
| 01-01-2017 | | | 1,010 | |
| 12-06-2017 | | 1,070 | | |
| 23-10-2017 | 1,100 | 1,045 | | |
| 23-01-2018 | 1,100 | 1,025 | 995 | |
| 12-03-2018 | 1,085 | 1,010 | 980 | |
| 18-12-2018 | 1,105 | 1,035 | 1,005 | |
| 04-02-2019 | 1,150 | 1,070 | 1,045 | |
| 09-03-2019 | 1,175 | 1,095 | 1,070 | |
| 15-05-2019 | 1,225 | 1,145 | 1,120 | |
| 09.07.2019 | 1,275 | 1,195 | 1,170 | |
| 17.07.2019 | 1,300 | 1,220 | 1,195 | |
| 02.11.2019 | 1,300 | 1,220 | 1,195 | |
| 11.12.2019 | 1,345 | 1,265 | 1,240 | |
| 05.01.2020 | 1,345 | 1,265 | 1,240 | 1,300 |
| 11.05.2020 | 1,320 | 1,240 | | 1,275 |
| 11.06.2020 | 1,300 | 1,215 | | 1,255 |
| 02.11.2020 | 1,275 | 1,190 | | 1,230 |
| 13.01.2021 | 1,245 | 1,160 | | 1,205 |
| 24.06.2021 | 1,270 | 1,185 | | 1,230 |
| 16.08.2021 | 1,300 | 1,215 | | 1,260 |
| 01.12.2021 | 1,345 | 1,215 | | 1,260 |
| 14.02.2022 | 1,345 | 1,245 | | 1,285 |
| 04.08.2022 | 1,345 | 1,245 | | 1,285 |
| 01.11.2022 | 1,495 | 1,395 | | 1,435 |
| 05.08.2023 | 1,520 | 1,420 | | 1,460 |
| 16.10.2023 | 1,540 | 1,440 | | 1,480 |
| 05.06.2024 | 1,515 | 1,400 | | 1,430 |
| 10.04.2025 | 1,485 | 1,330 | | 1,400 |